# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1330.

06-03-2020 ൽ മറുപടിയ്ക്ക്

## നെൽകൃഷി വ്യാപനത്തിനായി പദ്ധതികൾ

**ചോദ്യം**

ശ്രീ.യു. ആർ. പ്രദീപ്

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് നെൽകൃഷി വ്യാപനത്തിനായി നമ്മുടെ നെല്ല് നമ്മുടെ അന്നം എന്ന മുദ്രാവാക്യം മുൻനിർത്തി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്;

(എ) 2016 ആഗസ്റ്റ് (ചിങ്ങം 1) മുതൽ 2017 ആഗസ്റ്റ് (ചിങ്ങം 1) വരെയുള്ള ഒരു വർഷക്കാലമാണ 'നമ്മുടെ നെല്ല് നമ്മുടെ അന്നം' എന്ന മുദ്രാവാക്യം മുൻനിർത്തി നെൽ വർഷമായി ആചരിച്ചത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി സമഗ്ര നെൽകൃഷി വികസന പദ്ധതിയുടെ ഘടകങ്ങളായ സുസ്ഥിരകൃഷി വികസനം, വികസന ഏജൻസികൾക്കുള്ള ഫണ്ട്, പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം, പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി, കരനെൽകൃഷി വികസനം, തരിശുനില കൃഷി, ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷിയാക്കുന്നതിനുള്ള പദ്ധതികൾ, ബ്ലോക്ക് തലത്തിൽ പദ്ധതി സംയോജനത്തിനും റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനും, നൂതന ആശയങ്ങൾ നടപ്പിലാക്കുന്നതിനും മറ്റുമായി പദ്ധതിയധിഷ്ഠിത ധനസഹായം എന്നിവ നടപ്പിലാക്കി. നെൽ വർഷാചരണത്തിന്റെ ഭാഗമായി പദ്ധതിയധിഷ്ഠിതമായി 100 ഇന പരിപാടികളും നടപ്പിലാക്കിയിരുന്നു. നെല്ലുത്പാദനം, നെൽകൃഷിയും വിദ്യാഭ്യാസവും, നെൽകൃഷിയും തൊഴിൽ ലഭ്യതയും, നെൽകൃഷിയും യുവാക്കളും, നെൽകൃഷിയിലെ നൂതന സങ്കേതങ്ങൾ. നെൽകൃഷിയും പരിസ്ഥിതിയും, സംസ്കരണവും വിപണനവും. നെൽകൃഷിയും ടൂറിസവും, നെൽകൃഷിയും കായികവിനോദ മേഖലയും. നെൽകൃഷിയും ആയുർവേദവും, നെൽകൃഷി മേഖലയുമായി ബന്ധപ്പെട്ട കലയും സംസ്കാരവും എന്നീ 10 ഇനങ്ങൾക്ക് പ്രാമുഖ്യം നൽകി 2017-18 സാമ്പത്തിക

| | | |
|---|---|---|
| | | വർഷവും നടപ്പിലാക്കിയിരുന്നു. നടപ്പ വർഷം ഈ ഇനത്തിൽ പദ്ധതിയധിഷ്ഠിത ധനസഹായത്തിനുള്ള ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല |
| (ബി) | നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ള തരിശുനില കൃഷി ചെയ്യുന്ന പദ്ധതിക്ക് എത്രത്തോളം പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (ബി) നെൽകൃഷി വികസന പദ്ധതിയിൻ കീഴിൽ ഏറ്റവും ശ്രദ്ധ ആകർഷിക്കുന്ന ഘടകമാണ തരിശു നിലകൃഷി. 2016-17 ൽ 2782.3857 ഹെക്ടറും, 2017-18 ൽ 5485.686 ഹെക്ടറും, 2018-19-ൽ 3668.0064 ഹെക്ടർ തരിശുനിലവും പുതുതായി നെൽകൃഷി ചെയ്തു. നടപ്പ സാമ്പത്തിക വർഷം 3500 ഹെക്ടറോളം തരിശുനിലങ്ങളിൽ പുതുതായി നെൽകൃഷി ആരംഭിച്ചിട്ടുണ്ട്. |
| (സി) | നെൽകൃഷിയിൽ നൂതന കൃഷി മുറകൾ പാലിക്കുന്നതിനായി കർഷകരെ സഹായിക്കുവാൻ എന്തെല്ലാം നടപടികൾ കൃഷി ഭവൻ വഴി നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (സി) പദ്ധതിയധിഷ്ഠിതമായും വിജ്ഞാന വ്യാപനത്തിന്റെ ഭാഗമായും നെൽകൃഷിയിൽ നൂതന കൃഷി മുറകൾ പാലിക്കുന്നതിനായി കർഷകരെ സഹായിക്കുന്നതിൽ കൃഷി ഭവൻ തലത്തിൽ ഉദ്യോഗസ്ഥർ പ്രതിജ്ഞാബദ്ധരാണ്. നെൽകൃഷി വികസന പദ്ധതിക്കു പുറമേ ആത്മ, ലീഡ്സ്, വിള ആരോഗ്യ പരിപാലനം, പാഠം ഒന്ന് പാടത്തേക്ക്, രാഷ്ട്രീയ കൃഷി വികാസ് യോജന, സബ് മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ തുടങ്ങിയ നിരവധി പദ്ധതികളുടെ ഭാഗമായി നൂതന കൃഷി മുറകൾ സംബന്ധിച്ച നിർദ്ദേശങ്ങളും ഇടപെടലും നിരന്തരമായി കർഷകർക്കു നൽകുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**